പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇവിടെ പറഞ്ഞത് ശരിയാണ്. ഏറ്റവും അടിയന്തര പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ വിമർശാനാത്മകമായും അല്ലാതെയും ഉന്നയിക്കാനുള്ള അവകാശമാണ് റൂൾ 50 പ്രകാരം പ്രതിപക്ഷത്തിനുള്ളത്. ഞങ്ങൾ അതനുസരിച്ച് മാത്രമാണ് ഇവിടെ പെരുമാറുന്നത്. അല്ലാതെ അടിയന്തര പ്രാധാന്യമില്ലാത്ത വിഷയങ്ങൾ ഇവിടെ കൊണ്ടുവരാറില്ല. റൂൾ 50(7) അനുസരിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. 'ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല.' ഞങ്ങൾ അത് പ്രതിപാദിക്കുന്നില്ല. എന്നാൽ ഇതൊരു settled case ആണ്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സംസ്ഥാന സർക്കാരിനെതിരായി രാജ്യത്തെ ഏറ്റവും വലിയ നിയമന്യായ കോടതി നൽകിയിരിക്കുന്ന സുപ്രധാനമായ ഒരു വിധിയാണ്. പിഴ വരെ അടയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ callous attitude ആണ് ഇതിലൂടെ തെളിയുന്നത്. ഞങ്ങൾക്ക് അത് ഉന്നയിക്കാതിരിക്കാൻ കഴിയില്ല. അടിയന്തര സ്വാഭാവമുള്ള ഒരു കാര്യം തന്നെയാണ്. ഇതുപോലെയുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലാത്തതാണ്. സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം തന്നെയാണ്. അത്യപൂർവ്വമായ ഒരു സംഭവമാണ് 25000 രൂപ പിഴയടയ്ക്കണമെന്നുള്ള സുപ്രീം കോടതിയുടെ വിധി. അതുകൊണ്ട് ഇത് ഉന്നയിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല. അങ്ങ് പറയുന്നതിന് ഇതുമായി ബന്ധമില്ല. കോർട്ടലക്ഷ്യ കേസ് വരുന്നതേയുള്ളൂ. ഇതൊരു settled case ആണ്. ഇതിനെപ്പറ്റി പറയാനുള്ള അധികാരമുണ്ട്. കോടതിയുടെ അന്തിമവിധി വന്ന കേസാണ്. ഇനി വരാൻ പോകുന്ന കേസ് വേറെയാണ്. അത് ഞങ്ങൾ പരാമർശിക്കില്ല. അങ്ങ് പറയുന്ന കാര്യം ഞങ്ങൾ പരാമർശിക്കില്ല. കോടതിയെ ഒരുതരത്തിലും സ്വാധീനിക്കാൻ ഞങ്ങൾ ശ്രമിക്കില്ല. അത് അങ്ങേയ്ക്ക് ഉറപ്പ് നൽകുന്നു. പക്ഷെ ഞങ്ങളുടെ ഈ അധികാരം ഉപയോഗിക്കരുതെന്ന് അങ്ങ് പറയുന്നത് വളരെ നിർഭാഗ്യകരമാണ്. ബാർ കോഴ കേസ് എത്രയോ സന്ദർഭങ്ങളിൽ ഇവിടെ ഉന്നയിച്ചു. അതുമാത്രമല്ല, എത്രയോ തവണ ഒരേ വിഷയങ്ങൾ തന്നെ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവമനുസരിച്ച് അങ്ങയുടെ സ്ഥാനത്തിരിക്കുന്നവർ അനുവദിച്ചിട്ടുണ്ട്. കീഴ്‌വഴക്കമതല്ലേ? ഇവിടെ ഒരു settled case-നെ സംബന്ധിച്ച് സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായിരിക്കുന്ന അപമാനവും ആശങ്കയും സംബന്ധിച്ച് ഉന്നയിക്കാനുള്ള അവകാശം ഞങ്ങൾക്ക്

അങ്ങ് തരണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 02.05.2017-ന് ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ അടിയന്തരപ്രമേയം ഇവിടെ വന്നതാണ്. ആ പ്രശ്നം തന്നെയാണ് 08.05.2017-നും അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ settled case എന്നുപറഞ്ഞ സാഹചര്യത്തിൽ settled case-ന്റെ മെറിറ്റിലേയ്ക്ക് കടന്ന് ചർച്ച ചെയ്യാൻ എന്ത് അധികാരമാണ് ഈ സഭയ്ക്കുള്ളത്. ബഹുമാനപ്പെട്ട ചെയർ എന്താണോ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പരാമർശിക്കുന്നത്, അത് ഈ സഭയെ സംബന്ധിച്ചിടത്തോളം ബൈൻഡിംഗായിരിക്കും. അത് ഞങ്ങളാരും ചോദ്യം ചെയ്യാൻ പോകുന്നില്ല. റൂൾ 52 അനുസരിച്ച് പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേൽ നിയന്ത്രണം വേണം. ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല. ഇവിടെ എന്താണ് ചർച്ച ചെയ്യാൻ പോകുന്നത്? ഈ അടിയന്തരപ്രമേയത്തിൽ ക്ഷമാപണം നടത്തിയെന്നാണ് പറയുന്നത്. അങ്ങനെ ഒരു സംഭവം സുപ്രീം കോടതിയിലുണ്ടായിട്ടേയില്ല. ഒരു ക്ഷമാപണം നടത്തേണ്ട പ്രശ്നമുണ്ടായിട്ടില്ല. ഇതൊക്കെ സാധാരണ നിലയിലുള്ള

നിയമനടപടികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നമാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് C.A.T.- ന്റെ വിധിയും ഹൈക്കോടതി വിധിയും സർക്കാരിന് അനുകൂലമാകുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് aggrieved party സുപ്രീം കോടതിയിൽ ചോദ്യം ചെയ്തുകഴിഞ്ഞാൽ കൗണ്ടർ കൊടുക്കാനുള്ള അധികാരം പോലും കേരള സർക്കാരിനില്ലെന്നാണോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിക്കുന്നത്. അതുകൊണ്ട് ഒരു രൂപത്തിലും ഈ റൂൾ 50 അംഗീകരിക്കാൻ പാടില്ലെന്നുള്ളതാണ് സർക്കാരിനുവേണ്ടി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഒരു റൂളിംഗ് പറയുന്നതിനുമുമ്പ് അങ്ങേയ്ക്ക് സഹായകരമായ ചില വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ നിയമസഭയിൽ 13.06.2013 മുതൽ 09.07.2013 വരെ ഏഴ് തവണയാണ് സോളാർ വിഷയം ഇവിടെ ചർച്ച ചെയ്തത്...... (ബഹളം)..... അങ്ങേയ്ക്ക് ഞാൻ ഡേറ്റ് തരാം. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് ഇരിക്കു, ദയവായി ബഹളമുണ്ടാക്കരുത്. ഞാൻ പറയട്ടെ. പ്രതിപക്ഷ നേതാവിനോട് ചെയർ ഒരു അഭ്യർത്ഥന നടത്തി. ആ അഭ്യർത്ഥനയ്ക്ക് അദ്ദേഹം പ്രതികരിച്ചു. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിലപാട് പറയുകയുണ്ടായി. ഞാൻ ഇത് ക്ലോസ്

ചെയ്തിട്ടില്ല. ഞാൻ പറയുന്നത്, നമ്മുടെ സഭയുടെ ഉന്നതമായ നടപടിക്രമങ്ങളും നിലവാരവും വച്ച് പരിശോധിക്കുമ്പോൾ രാജ്യത്തിന്റെ പരമോന്നത നീതിപീഠം നാളെ ചർച്ച ചെയ്യാനിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് സഭയിൽ ചർച്ച നടത്തുകയും അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും അത് പൊതുസമൂഹത്തിനും കോടതിക്കും സ്വാധീനിക്കാൻ ഇടയാക്കുകയും ചെയ്യുന്ന രീതിയുണ്ടാകുന്നതിന് ചെയർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇത് ദൗർഭാഗ്യകരമാണ്. എന്നാൽ പ്രതിപക്ഷത്തിന്റെ ഏതെങ്കിലും അവകാശങ്ങളെ നിഷേധിക്കാൻ ചെയർ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ പരിധിയിൽ നിന്നുകൊണ്ട് കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും പരാമർശിക്കാതെ തികച്ചും ജനാധിപത്യ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അങ്ങ് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അടിയന്തര പ്രമേയം)